**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**തിരുവനന്തപുരം, നടപടിക്രമം**

---

വിഷയം:- ആവഡ- ജീവനക്കാര്യം -സ്പെഷ്യലിറ്റി കേഡർ -പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ മെഡിക്കൽ ഓഫീസർമാരുടെ സ്ഥലംമാറ്റം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ(സാധാ)നം. 2855/24/H&FWD തീയതി 26/11/2024

2. OA(EKM)No.s 1046/24,1047/24,1048/24 എന്നീ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ -ന്റെ 30.8.2024 തീയതിയിലെ ഉത്തരവ്

3. സ.ഉ(സാധാ)നം. 2665/24/H&FWD തീയതി 06/11/2024

4. OA(EKM) 1099/24 നം. കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ -ന്റെ 16/8/2024 തീയതിയിലെ ഉത്തരവ്

5.Lr No.1446/2024/DMOH Malappuram dated 24-11-2024

6.ഉത്തരവ് നം ഇ.ബി4/9298/2024/ ആവഡ തീയതി 01/8/2024

**ഉത്തരവ് നം: ഇ.ബി4/18510/2024/ തീയതി: 30-11-2024**

---

പരാമർശം (2)ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ -

ന്റെ വിധിന്യായം പാലിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശം (1)ലെ ഉത്തരവിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോക്ടർ സിന്ധു വി യ്ക്ക് പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ നിയമനം നൽകുന്നതിനും, സ.ഉ(സാധാ) നം.2738/2024/ആ.കു.വ തീയതി 14/11/2024 പ്രകാരം പീഡിയാട്രിക്സ് വിഭാഗം കൺസൽട്ടൻറ് തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകിയത് മുഖാന്തരം നിലവിൽ വന്നിട്ടുള്ള ഒഴിവുകൾ പരിശോധിച്ചു 2024 പൊതുസ്ഥലംമാറ്റത്തിൽ പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ നിയമനം നൽകിയിരിക്കുന്ന പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ. രമ്യ രവീന്ദ്രന് ഏറ്റവും അനുയോജ്യമായ സ്ഥാപനത്തിൽ നിയമനം അനുവദിക്കുന്നതിനും, പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സുചരിത.എം.എം ന് അനുയോജ്യമായ സ്ഥാപനത്തിൽ ആദ്യം ഉണ്ടാകുന്ന ഒഴിവിൽ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം നിയമനം നൽകുന്നതിനും, പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോക്ടർ ഭവിത.എസ്.ദേവനെ പാലക്കാട് ആലത്തൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ നിയമനം നൽകുന്നതിനും വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

2. പരാമർശം (4)ലെ ഡോക്ടർ ഉണ്ണി ബി ഫയൽ ചെയ്തിട്ടുള്ള ഒ.എ (ഇ.കെ .എം) നം.കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണൽ -ന്റെ വിധിന്യായം പാലിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശം മൂന്നിലെ ഉത്തരവിൽ ആലപ്പുഴ ജില്ലയിലെ തുറവൂർ താലൂക്ക് ആശുപത്രിയിൽ കൺസൽട്ടൻറ് തസ്തികയിലേക്ക് സ്ഥാനകയറ്റം തുടർന്ന് ഉണ്ടാകാൻ ഇടയുള്ള ഒഴിവിൽ പരിഗണിക്കണമെന്ന് അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ തുറവൂർ താലൂക്ക് ആശുപത്രിയിൽ ഒഴിവു നിലവിൽ വരുന്ന പക്ഷം ,ടി സ്റ്റേഷനിലേക്ക് മറ്റ് അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതു കൂടി പരിശോധിച്ച് സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി ഡോ.ഉണ്ണി.ബി യുടെ അപേക്ഷ കൂടി പരിശോധിച്ചു ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാമർശം 5 പ്രകാരം ഉള്ള ഡോ.ഉണ്ണി.ബി സമർപ്പിച്ച പൊതുസ്ഥലമായ അപേക്ഷയിൽ തുറവൂർ താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

എന്നാൽ ഏതെങ്കിലും കാരണത്താൽ തുറവൂർ താലൂക്ക് ആശുപത്രിയിൽ സ്ഥലംമാറ്റം ലഭിക്കുന്നില്ലെങ്കിൽ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു. തുറവൂർ താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റത്തിനായി ഡോ.ഉണ്ണി.ബി യെക്കാളും യോഗ്യതയുള്ള മെഡിക്കൽ ഓഫീസർമാർ ഉള്ളതിനാൽ തുറവൂർ താലൂക്ക് ആശുപത്രിയിലേക്ക് ടിയാനെ പരിഗണിക്കാൻ നിർവാഹമില്ല.

3. ഡോ.സുചരിത .എം.എം ടിയാളുടെ ആരോഗ്യപരമായ കാരണങ്ങളാൽ പരിഗണിച്ചും വിരമിക്കൽ തീയതി (30/09/2026)പരിഗണിച്ചും നിലവിലെ സ്ഥാപനത്തിൽ തന്നെ നിലനിർത്തുവാൻ അപേക്ഷിച്ചിരിക്കുന്നു .

4. മേൽ സാഹചര്യത്തിൽ ഡോ.സുചരിത .എം .എം നെ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിൽ ജോലിചെയ്യുന്ന സി.എച്ച് .സി പാപ്പിനിശ്ശേരിയിൽ നിലനിർത്തിക്കൊണ്ടും പരാമർശം 1,3 മൂന്ന് പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് വിഭാഗം തസ്തികയിലെ മെഡിക്കൽ ഓഫീസർമാരെ അവരുടെ പേരിന് നേരെയുള്ള സ്ഥാപനങ്ങളിൽ സ്ഥലംമാറ്റം നൽകി നിയമിച്ചു ഉത്തരവാകുന്നു

| ക്രമനം | പേര്,നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം,പെൻ | സ്ഥലമാറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ഡോ.സിന്ധു.വി<br>558397,താലൂക്കാശുപത്രി,കുറ്റ്യാടി ,കോഴിക്കോട് | താലൂക്കാശുപത്രി,പേരാമ്പ്ര<br>കോഴിക്കോട് |
| 2 | ഡോ.ഭവിത.എസ്.ദേവൻ<br>731286,സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി<br>പാലക്കാട് | താലൂക്കാസ്ഥാന ആശുപത്രി ,ആലത്തൂർ<br>പാലക്കാട് |
| | ഡോ.ശരണ്യ.പി.എസ്<br>737641,താലൂക്കാസ്ഥാന | താലൂക്കാശുപത്രി,പഴയങ്ങാടി |

| | | |
|---|---|---|
| 3 | ആശുപത്രി ,തളിപ്പറമ്പ ,കണ്ണൂർ (ജോലിക്രമീകരണാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു ) | ,കണ്ണൂർ |
| 4 | ഡോ.ഉണ്ണി .ബി 558661,ജില്ലാ ആശുപത്രി,തിരൂർ ,മലപ്പുറം | താലൂക്കാസ്ഥാന ആശുപത്രി ,ചാലക്കുടി ,തൃശൂർ |
| 5 | ഡോ.രമ്യ രവീന്ദ്രൻ 155578,താലൂക്കാശുപത്രി,പേരാമ്പ്ര കോഴിക്കോട് | ജില്ലാ ആശുപത്രി,തിരൂർ ,മലപ്പുറം |

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ് .

വിടുതൽ ആർ.ടി.സി യും ജോലിയിൽ പ്രവേശിക്കുന്ന ആർ.ടി .സി യും ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ് .

പരാമർശം പ്രകാരമുള്ള പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ പൊതുസ്ഥലമാറ്റ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ് ,

Signed by
Reena K J
Date: 30-11-2024 14:56:58

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ

പകർപ്പ്:-

1.അക്കൗണ്ടന്റ് ജനറൽ (എ&ഇ ),തിരുവനന്തപുരം

2.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ /സ്ഥാപന മേധാവികൾ

**3.**ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്